എഴുത്തുകാർക്കുകൂടി കാണത്തക്കവണ്ണം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. ആധാരം എഴുത്തു ലൈസൻസ് സസ്പെൻറുചെയ്യുന്നതിനുള്ള സബ് രജിസ്ട്രാർക്കുള്ള അധികാരം നിർത്തലാക്കിയിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഭവനനിർമ്മാണ സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് രജിസ്ട്രാർക്ക് നൽകിയ നിർദ്ദേശം

138 [198] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :

,, പി. കരുണാകരൻ :

,, സി. വാസുദേവമേനോൻ :

,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ സഹകരണസംഘം രജിസ്ട്രാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകാൻ ഗവൺമെൻറിന് അധികാരം ഉണ്ടോ; എങ്കിൽ ഏതു നിയമപ്രകാരം;

(ബി) ജി.ഒ.ആർ.റ്റി. 4373/79, ജി.എ.ഡി. 10-7-1979-ലെ പ്രകാരം ഒരു ഭവന നിർമ്മാണ സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിനെതിരെ ഉണ്ടായിട്ടുള്ള ആരോപണം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരോപണം നിഷേധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാരിന് സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകാൻ അധികാരപ്പെടുത്തുന്ന നിയമമൊന്നുമില്ല. എന്നാൽ ഭരണപരമായ നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ആരോപണം തെറ്റാണെന്നുകാണിച്ച് ആരോപണകർത്താവിന് കത്തെഴുതിയിട്ടുണ്ട്.

സഹകരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ പണാപഹരണ കേസ്സുകൾ

139 [201] ശ്രീ. ആർ. സുന്ദരേശൻ നായർ :

,, എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു സാമ്പത്തികവർഷത്തിനുള്ളിൽ എത്ര സഹകരണസ്ഥാപനങ്ങളിലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയോ കമ്മറ്റി

LIBRARY ARCHIVES Kerala Legislative Assembly